മൊത്തത്തിൽ സഹകരണ പ്രസ്ഥാനം ശക്തിപ്പെട്ടു. സഹകരണ വിപണനം നടന്നു. വിശദാംശത്തിലേക്ക് കടക്കുന്നില്ല. എല്ലാവരും കൂടി സഹകരിച്ചതിന്റെ ഫലമായി മൊത്തത്തിൽ സഹകരണ മേഖലയിൽ നേട്ടം ഉണ്ടായിട്ടുണ്ട്.

ശ്രീ. സി. എച്ച്. കുഞ്ഞമ്പു : സർ, കഴിഞ്ഞ യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് കാസർഗോഡ് ജില്ലാ സഹകരണ ബാങ്കിൽ ജീവനക്കാരുടെ നിയമനവുമായി ബന്ധപ്പെട്ട് കോൺഗ്രസ്സുകാരായ ബോർഡ് അംഗങ്ങൾ കൈക്കൂലി വാങ്ങിയ ഒരു കേസ് ഇപ്പോൾ നിലവിലുണ്ട്. ആ കേസ് ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കാമോ ?

ശ്രീ. ജി. സുധാകരൻ : സർ, ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് എനിക്ക് വ്യക്തമായി പറയാൻ കഴിയുകയില്ല. .....(തടസ്സം).....

പരിയാരം സഹകരണ മെഡിക്കൽ കോളേജിന്റെ പ്രവർത്തനം

2 (*272) ശ്രീ. പി. ജയരാജൻ :
ശ്രീ. എം. ഹംസ :
ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പരിയാരം സഹകരണ മെഡിക്കൽ കോളേജിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) ഇവിടെ ഏതെല്ലാം കോഴ്സുകളാണ് നടത്തുന്നത് ; ഓരോ കോഴ്സിനും എത്ര സീറ്റുകൾ വീതമുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കോളേജിന്റെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും ചികിത്സാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചു ;

(ഡി) ഇപ്പോൾ ഏതെല്ലാം സൂപ്പർ സ്പെഷ്യാലിറ്റികൾ പ്രവർത്തിക്കുന്നു ;

(ഇ) ആശുപത്രിയുടെ വികസനത്തിനായി ഏതെല്ലാം നിർദ്ദേശങ്ങളാണ് പരിഗണനയിലുള്ളതെന്ന് വ്യക്തമാക്കുമോ ;

സഹകരണവും കയറും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ) : സർ,

(എ) പരിയാരം മെഡിക്കൽ കോളേജുകളിൽ പുതുതായി 6 വിഷയങ്ങളിൽ ബിരുദാനന്തര ബിരുദ കോഴ്സുകൾ തുടങ്ങാനുള്ള അനുമതി മെഡിക്കൽ കൗൺസിലിൽ നിന്ന് ലഭിച്ചിട്ടുണ്ട്. കോഴ്സുകൾ ഈ അദ്ധ്യയന വർഷം തന്നെ ആരംഭിക്കും. വിവിധ സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗങ്ങളിൽ ബിരുദാനന്തര ബിരുദ കോഴ്സുകൾ തുടങ്ങാനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. എം.ബി.ബി.എസ്. സീറ്റ് 100-ൽ നിന്ന് 160 ആയി വർദ്ധിപ്പിക്കാനുള്ള നടപടികൾ തുടങ്ങി. കൂടാതെ, പാരാമെഡിക്കൽ വിഭാഗത്തിൽ മൂന്ന് പുതിയ കോഴ്സുകൾ ആരംഭിച്ചു.

(ബി) മെഡിക്കൽ കോളേജിലെ ഓരോ കോഴ്സുകളുടെയും ആയതിന്റെ സീറ്റുകളേയും സംബന്ധിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു :

LIBRARY ARCHIVES Kerala Legislative Assembly

SL.No	Courses	No. of Seats
1	M.B.B.S.	100
2	B.Sc., MLT	25
3	D.M.L.T	30
4	D.R.T.	30
5	D.C.V.T.	15
6	D.O.T.T.	15
7	D.D.T.	6

പോസ്റ്റ് ഗ്രാഡുവേഷൻ കോഴ്സ്

SL.No	Courses	No. of Seats
1	MD-General Medicine	4
2	MD-Dermatology	1
3	MD-Peadiatrics	1
4	MS-ENT	1
5	DCH-Peadiatrics	1
6	DLO-ENT	1
7	DDVL-Dermatology	1
8	MS-Ortho Peadiatrics	2
9	D-Ortho	2
10	Diploma-OB-GYN	2
11	MD-Physiology	2
12	MD-Community Medicine	2
13	MD-Microbiology	1
14	General Surgery-MS	2

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മെഡിക്കൽ കോളേജിൽ താഴെ പറയുന്ന അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും ചികിത്സാ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും നടപടികൾ സ്വീകരിച്ചു.

1. ഇന്ത്യൻ മെഡിക്കൽ കൗൺസിലിൽ നിന്നും അടുത്ത 5 വർഷത്തേക്കുള്ള സ്ഥിരാംഗീകാരം നേടിയെടുത്തതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. 6 വിഷയങ്ങളിൽ പി.ജി. കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള അനുമതി കിട്ടി.

LIBRARY ARCHIVES Kerala Legislative Assembly

2. ഡന്റൽ കൗൺസിലിന്റെ സ്ഥിരാംഗീകാരം ഡന്റൽ കോളേജിൽ നേടിയെടുത്തു. 50 സീറ്റ് 60 സീറ്റായി വർദ്ധിപ്പിച്ചു.

3. ഫാർമസി കോളേജിൽ പി.ജി. കോഴ്സുകൾ ആരംഭിച്ചു.

4. നേഴ്സിംഗ് കോളേജിൽ പി.ജി. കോഴ്സുകൾ ആരംഭിച്ചു.

5. ജനറൽ നഴ്സിംഗിൽ 35 സീറ്റ് 60 സീറ്റായി വർദ്ധിപ്പിച്ചു.

6. പുതിയതായി 3 പാരാമെഡിക്കൽ കോഴ്സുകൾ ആരംഭിച്ചു.

ചികിത്സാ സൗകര്യം വർദ്ധിപ്പിക്കാൻ കേരളത്തിലാദ്യമായി

1. സഹകരണ നവരത്നം ലോട്ടറി ഫണ്ടിൽ നിന്നും നൽകിയ 1 കോടി രൂപകൂടി ഉപയോഗിച്ച് ആദ്യത്തെ നെഫ്രോളജി ഇൻസ്റ്റിറ്റ്യൂട്ടിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിരിക്കുകയാണ്.

2. അവിടെ ഡയാലിസിസ് ചെയ്യുവാനുള്ള സൗകര്യം ഇരട്ടിയായി വർദ്ധിപ്പിച്ചു.

3. കേരളത്തിലെ ഏറ്റവും ശക്തവും ഫലപ്രദവുമായ ഹാർട്ട് സർജറി യൂണിറ്റ് ഹൃദയാലയ എന്ന ഒരു സംവിധാന സഹായത്തോടെ അവിടെയാണുള്ളത്. രണ്ടാമത് ഒരു കാത്ത് ലാബ് കൂടി അവിടെ സ്ഥാപിച്ചിരിക്കുകയാണ്. ഒരെണ്ണം നേരത്തെയുണ്ട്.

4. പുതിയ സി.ടി. സ്കാനിംഗ് മെഷീൻ സ്ഥാപിച്ചു. അങ്ങനെ എല്ലാ രംഗത്തും അവിടെ പുരോഗതിയാണുള്ളത്. വിശദാംശങ്ങൾ മേശപ്പുറത്ത് വയ്ക്കുന്നുണ്ട്.*

(ഡി) കാർഡിയോളജി, കാർഡിയോതൊറാസിക് സർജറി, ഗ്യാസ്ട്രോ എൻട്രോളജി, നെഫ്രോളജി, യൂറോളജി, ന്യൂറോ സർജറി, ന്യൂറോ മെഡിസിൻ, കാൻസർ & ഓങ്കോളജി, പീഡിയാട്രിക് സർജറി, മാക്സിലോ ഫേഷ്യൽ സർജറി തുടങ്ങി 21 സൂപ്പർ സ്പെഷ്യാലിറ്റി ഡിപ്പാർട്ടുമെന്റുകൾ അവിടെ പ്രവർത്തിക്കുന്നുണ്ട്.

(ഇ) ആശുപത്രിയുടെ വികസനത്തിന് താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കാൻ ഇപ്പോൾ തീരുമാനിച്ചിരിക്കുകയാണ്.

1. ഒരു പുതിയ ആക്സിഡന്റ് ആന്റ് ട്രോമാ കെയർ യൂണിറ്റ്

2. ഫാർമസിയിൽ മരുന്നുകളുടെ വിൽപ്പന നിലവിലുള്ളതിൽ നിന്ന് വർദ്ധിപ്പിക്കുന്നതിന് യൂണിറ്റുകൾ

3. കാർഡിയോളജി യൂണിറ്റിൽ പീഡിയാട്രിക് സർജറി, മൈക്രോവാസ്കുലർ സർജറി.

4. വാർഡുകളുടെ എണ്ണം വർദ്ധിപ്പിക്കൽ. ഇപ്പോൾത്തന്നെ 1300 ബെഡ്ഡുകൾ അവിടെയുണ്ട്. അത് വീണ്ടും വർദ്ധിപ്പിക്കുവാൻ തീരുമാനിച്ചിരിക്കുകയാണ്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

5. നെഫ്രോളജി, യൂറോളജി വിഭാഗങ്ങളെ സംയോജിപ്പിച്ച് വൃക്ക മാറ്റിവയ്ക്കാനുള്ള സർജറി തുടങ്ങിയവയെല്ലാം അവിടെയെടുക്കുവാൻ തീരുമാനിച്ചു. ഏഷ്യയിലെ ഏറ്റവും വലിയ ആശുപത്രിയാണത്. 119 ഏക്കറിലാണത്. 1265 കിടക്കകൾ ഇപ്പോൾ ഇവിടെയുണ്ട്. അങ്ങനെ വളരെ മുന്നോട്ടു വരികയാണ്. മുപ്പത് ശതമാനം മുതൽ എഴുപത് ശതമാനം വരെ മറ്റ് ആശുപത്രികളിൽ നിന്നും ചാർജ് ഇവിടെ കുറവാണ് എന്നുള്ള കാര്യം എടുത്തു പറയുന്നു.

ശ്രീ. പി. ജയരാജൻ : സർ, കേരളത്തിലെ സഹകരണ പ്രസ്ഥാനം മറ്റ് സംസ്ഥാനങ്ങളിലെ സഹകരണ പ്രസ്ഥാനങ്ങൾക്ക് നൽകിയിട്ടുള്ള ഏറ്റവും പ്രധാനപ്പെട്ട മാതൃകയാണ് പരിയാരത്തെ സഹകരണ മെഡിക്കൽ കോളേജ്. ആ സഹകരണ മെഡിക്കൽ കോളേജ് നേരത്തെ ഒരുപറ്റം ആളുകളുടെ മാത്രം മെമ്പർഷിപ്പുള്ളതായിരുന്നു. ഇപ്പോൾ അത് ഒരു ജനകീയ പ്രസ്ഥാനമായി മാറിയിരിക്കുകയാണ്. എന്റെ ചോദ്യം, കേരളത്തിൽ അടുത്ത കാലത്ത് ആരംഭിച്ചിട്ടുള്ള സ്വകാര്യ-സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ അമിതമായ ഫീസ് ഈടാക്കാനുള്ള പ്രവണതയെ തടയുന്നതിന് പരിയാരം സഹകരണ മെഡിക്കൽ കോളേജ് എത്രമാത്രം സഹായിച്ചിട്ടുണ്ട് ; അതിനെക്കുറിച്ച് ഗവൺമെന്റ് എന്തെങ്കിലും പഠിശോധിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ?

ശ്രീ. ജി. സുധാകരൻ : സർ, ഗവൺമെന്റ് മെഡിക്കൽ കോളേജുകൾ ആവശ്യത്തിന് ഇല്ലാതെ വരികയും മെഡിക്കൽ വിദ്യാഭ്യാസത്തിന്റെ ആവശ്യകത വർദ്ധിക്കുകയും ചെയ്ത സാഹചര്യത്തിൽ ഗവൺമെന്റുകൾ അനങ്ങാതിരുന്നതു കൊണ്ടാണ് സ്വാശ്രയ മെഡിക്കൽ കോളേജുകൾ വന്നത്. അപ്പോൾ വിദ്യാഭ്യാസ കച്ചവടം ചൂഷണം വന്നു. അങ്ങനെയാണ് സഹകരണ മേഖല 1996-ൽ ബഹുമാനപ്പെട്ട പിണറായി വിജയൻ മന്ത്രിയായിരിക്കുമ്പോൾ 'കേപ്പ്' എന്ന് സ്ഥാപനം അടക്കം രൂപീകരിക്കുകയും അതിനു മുൻപ് തന്നെ പരിയാരം മെഡിക്കൽ കോളേജ് അടക്കം ആരംഭിക്കുകയും ചെയ്തത്. ന്യായമായ ഫീസ്, ഗവൺമെന്റ് അല്ലെങ്കിൽ കോടതി തീരുമാനിക്കുന്ന ഫീസ്, സാമൂഹ്യ നീതി, സംവരണം എല്ലാം ഉറപ്പാക്കിക്കൊണ്ടുള്ള ഒരു ബദൽ സംവിധാനമാണ്. അത് കേരളത്തിലെ മാത്രമല്ല ഏഷ്യയിൽ തന്നെയുള്ള ഏറ്റവും മികച്ച ഒരു ആശുപത്രിയും കോപ്പറേറ്റീവ് മെഡിക്കൽ കോളേജുമാണ് പരിയാരം മെഡിക്കൽ കോളേജ്.

ശ്രീ. പി. ജയരാജൻ : സർ, സഹകരണ മെഡിക്കൽ കോളേജ് നമ്മുടെ സമൂഹത്തിൽ ചെയ്യുന്ന സേവനത്തെ പരിഗണിച്ചുകൊണ്ടു ഗവൺമെന്റ് അർഹമായ പരിഗണ നൽകിയിട്ടുണ്ട്. ഇത്തവണ ബഡ്ജറ്റിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പത്ത് കോടി രൂപയാണ് പരിയാരം മെഡിക്കൽ കോളേജിനായി അനുവദിച്ചിട്ടുള്ളത്. ഗവൺമെന്റിന്റെ നടപടിയെ ഞാൻ ശ്ലാഘിക്കുകയാണ്. ഗവൺമെന്റിന്റെ ഇത്തരം ഇടപെടലുകളിലൂടെ പാവപ്പെട്ട രോഗികൾക്ക് ആവശ്യമായിട്ടുള്ള സഹായം പരിയാരം മെഡിക്കൽ കോളേജിൽ ലഭ്യമാക്കുന്നുണ്ട്. ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവർക്ക് എത്രപേരാണ് ഇതുവരെയായി പരിയാരം മെഡിക്കൽ കോളേജിൽ ഉള്ളത് എന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജി. സുധാകരൻ : സർ, ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവർക്ക് 30 ശതമാനം മുതൽ 70 ശതമാനം വരെ ഹാർട്ട് സർജറിക്ക് അടക്കം ഇളവ് കൊടുത്തുകൊണ്ടിരിക്കുകയാണ്. അത് പലതരത്തിലുള്ള സ്ലാബുകളാണ്. സ്ലാബുകളുടെ വിശദാംശം ഞാൻ ഇവിടെ വായിക്കുന്നില്ല.

ശ്രീ. എം. ഹംസ : സർ, പരിയാരം മെഡിക്കൽ കോളേജ് ആശുപത്രി ഏഷ്യയിലെ ഏറ്റവും വലിയ സഹകരണ മെഡിക്കൽ കോളേജാക്കി മാറ്റുന്നതിൽ അങ്ങും സഹകരണ പ്രസ്ഥാനവും വഹിച്ച പങ്കിന് നന്ദി രേഖപ്പെടുത്തുന്നു. പരിയാരം മെഡിക്കൽ കോളേജിന്റെ നേതൃത്വത്തിൽ ജീവശാസ്ത്ര രംഗത്ത് ഒരു ഗവേഷണ സ്ഥാപനം കൂടി ആരംഭിക്കാൻ പ്രതിഭാ സമ്പന്നനായ അങ്ങ് തന്നെ നേതൃത്വം കൊടുക്കുമോ; അതിനുവേണ്ടിയുള്ള തുടക്കം കുറിക്കുമോ ?

ശ്രീ. ജി. സുധാകരൻ : സർ, നല്ലൊരു നിർദ്ദേശമാണ്. നമുക്ക് ഇനി മുന്ന് മാസമാണുള്ളത്. അതിനെപ്പറ്റിയുള്ള പ്രാരംഭ ചർച്ചകൾ ആരംഭിക്കുവാൻ ഗവൺമെന്റ് തയ്യാറാണ്.

ശ്രീ. കെ. കുഞ്ഞിരാമൻ : സർ, ഉത്തര മലബാറിലെ പാവപ്പെട്ട ജനങ്ങളെ സംബന്ധിച്ചിടത്തോളം ഏറ്റവും ആശ്വാസപ്രദമായിട്ടുള്ള ഒരു സഹകരണ ആശുപത്രിയാണ് പരിയാരം. അവിടെ ഹൃദയശസ്ത്രക്രിയക്കുവേണ്ടിയുള്ള ഹൃദയാലയ എന്നു പറയുന്ന ഒരു വിഭാഗമുണ്ട്. ഏറ്റവും കൂടുതൽ രോഗികളെ ആകർഷിക്കുന്ന ഒന്നാണത് ഏറ്റവും മെച്ചപ്പെട്ട സേവനമാണ് അവിടെ കിട്ടുന്നത്. എന്റെ സ്വന്തം അനുഭവം വച്ച് പറയുകയാണ്. അതിന്റെ വിപുലീകരണത്തിനു വേണ്ടി എന്തെല്ലാം നടപടികളാണ് ഈ ഗവൺമെന്റ് സ്വീകരിക്കാൻ പോകുന്നത് എന്ന് വിശദീകരിക്കാമോ ?

ശ്രീ. ജി. സുധാകരൻ : സർ, അവിടെ ഒരു കാത്ത് ലാബാണ് ഉണ്ടായിരുന്നത്. ആ കാത്ത് ലാബ് ജർമ്മൻ ഇറക്കുമതിയാണ്. അഞ്ച് കോടി രൂപയാണ് ചെലവ്. മണ്ടാമത് ഒരു കാത്ത് ലാബ്കൂടി വന്നു. രണ്ട് കാത്ത് ലാബ്, തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഉണ്ടോയെന്ന് അറിയില്ല. മറ്റ് ഒരു മെഡിക്കൽ കോളേജിലും രണ്ട് കാത്ത്ലാബില്ല. രണ്ട് കാത്ത് ലാബുള്ള ഏക മെഡിക്കൽ കോളേജാണ് പരിയാരം. അതുതന്നെ ഹൃദയ ശസ്ത്രക്രിയക്കു കൊടുക്കുന്ന പ്രാധാന്യമാണ്. മറ്റ് ഒരുപാട് അനുബന്ധ സ്ഥാപനങ്ങളും ഇതിന്റെ ഭാഗമായി പ്രവർത്തിക്കുന്നുണ്ട്.

ശ്രീ. സി. ടി. അഹമ്മദ് അലി : സർ, പരിയാരം മെഡിക്കൽ കോളേജി നോടനുബന്ധിച്ച് വാർഷ ബ്ലനത്തിൽ എന്ത് തുക ഇതിനകം വാങ്ങിയിട്ടുണ്ടെന്നും ഈ തുകയിൽ എത്ര തുക ഇനി കുടിശ്ശികയായി അടച്ചു തീർക്കാനുണ്ടെന്നും ബഹുമാനപ്പെട്ട മന്ത്രി വ്യക്തമാക്കുമോ ?

ശ്രീ: ജി. സുധാകരൻ : സർ, അതിന് എനിക്ക് പ്രത്യേക നോട്ടീസ് വേണം. കുറച്ചധികം തുക അടച്ചു തീർക്കാനുണ്ട്. കാരണം പതിനഞ്ച് കോടി രൂപ ഒരു വർഷം അവിടെ ബാധ്യതയാണ്. വരവിനേക്കാൾ കൂടുതൽ ചെലവാണ്. എല്ലാ ഗവൺമെന്റ് നോംസും കോപ്പറേറ്റീവ് നോംസും പാലിക്കുന്നതുകൊണ്ടാണ്.

ആ പതിനഞ്ച് കോടി രൂപയിലാണ് പത്ത് കോടി രൂപ ഈ വർഷം തന്നു എന്ന് പറഞ്ഞത്. എല്ലാ വർഷവും ഗവൺമെന്റ് തരികയാണെങ്കിൽ യാതൊരു പ്രശ്നവുമില്ല. ഇപ്പോൾ ആദ്യമായി പത്ത് കോടി രൂപ തന്നു.

ശ്രീ. എം. പ്രകാശൻ മാസ്റ്റർ : സർ, ശ്രീ. എം. വി. രാഘവനും ശ്രീ. കെ. സുധാകരനും അവിടെ ഭരണസമിതിയിൽ ഉണ്ടായിരുന്ന കാലത്ത് മാനേജ്മെന്റ് സീറ്റിലേക്ക് വൻ കോഴ വാങ്ങിയിട്ടാണ് കുട്ടികളെ നിശ്ചയിച്ചിരുന്നത് എന്ന ആക്ഷേപം വളരെ ഗൗരവമായി ഉയർന്നു വന്നതാണ്. ഇപ്പോൾ ഇടതുപക്ഷ മുന്നണിയുടെ ഒരു ഭരണ സമിതിയാണ് അവിടെ ഭരണം കൈകാര്യം ചെയ്യുന്നത്. മാനേജ്മെന്റ് സീറ്റിൽ എങ്ങനെയാണ് പരിയാരം മെഡിക്കൽ കോളേജിൽ വിദ്യാർത്ഥികളെ പ്രവേശിപ്പിക്കുന്നത് എന്ന കാര്യം വ്യക്തമാക്കുമോ ?

ശ്രീ. ജി. സുധാകരൻ : സർ, മാനേജ്മെന്റ് സീറ്റിൽ പരിയാരത്തും അതുപോലെ കൊച്ചിൻ കോപ്പറേറ്റീവ് മെഡിക്കൽ കോളേജിലും ബഹുമാനപ്പെട്ട സുപ്രീം കോടതി വിധിപ്രകാരം ഹൈക്കോടതി നിയോഗിച്ചിട്ടുള്ള ജസ്റ്റിസ് മുഹമ്മദ് കമ്മിറ്റി തീരുമാനിക്കുന്ന ഫീസ് മാത്രമേ അവിടെ വാങ്ങുന്നുള്ളൂ.

ശ്രീ. കെ. സി. ജോസഫ് : സർ, ഉത്തര മലബാറിൽ കോഴിക്കോട് മെഡിക്കൽ കോളേജിൽ മെച്ചപ്പെട്ട ചികിത്സാ സൗകര്യം ഇല്ലായിരുന്നു. അതുകൊണ്ടാണ് ശ്രീ. കെ. കരുണാകരൻ മുഖ്യമന്ത്രിയായിരുന്നപ്പോൾ ശ്രീ. എം. വി. രാഘവൻ മുൻകൈ എടുത്ത് ഈ കോളേജ് ആരംഭിച്ചത്. ഇന്നിപ്പോൾ ആ കോളേജ് സി.പി.ഐ.(എം.)-ന്റെ സ്വകാര്യ സംവിധാനമായി മാറിയിട്ടുണ്ട്. അങ്ങ് പറഞ്ഞു 15 കോടി രൂപ നടപ്പുവർഷം നഷ്ടത്തിലാണെന്ന്. പത്ത് കോടി നിങ്ങൾ കൊടുക്കാൻ പോകുന്നെന്ന് പറഞ്ഞു. അങ്ങനെയാണെങ്കിൽ ഈ ആശുപത്രിയുടേയും കോളേജിന്റേയും നടത്തിപ്പിൽ ഗുരുതരമായ സാമ്പത്തിക നഷ്ടമാണെങ്കിൽ, ആ നഷ്ടം ഏറ്റെടുക്കേണ്ട ബാധ്യത ഗവൺമെന്റിനാണെങ്കിൽ, ഈ സഹകരണ മെഡിക്കൽ കോളേജ് ഗവൺമെന്റ് മെഡിക്കൽ കോളേജ് ആക്കി ഏറ്റെടുക്കുന്നകാര്യം ആലോചിക്കുമോ ?

ശ്രീ. ജി. സുധാകരൻ : സർ, അങ്ങനെ ആലോചിക്കുന്നതിൽ ഒരു വിഷമവുമില്ല. ഗവൺമെന്റ് വെള്ളം കുടിക്കും. നൂറു കണക്കിന് കോടി രൂപ അത് നിങ്ങൾക്ക് അറിയാം. അതുകൊണ്ടാണ് അങ്ങയുടെ ഗവൺമെന്റ് എടുക്കാത്തത്. യു.ഡി.എഫ്. ഗവൺമെന്റായാലും എൽ.ഡി.എഫ്. ഗവൺമെന്റായാലും ഭരണസമിതികൾ മാറി മാറി വരും. അത് നമ്മുടെ ഇലക്ഷനിൽ മുൻകാലങ്ങളിൽ ഉണ്ടായതുപോലെ തന്നെയാണ്. അതൊരു പാർട്ടിയുടെ സ്വത്താണെന്ന് അങ്ങയെപ്പോലുള്ള ഒരാൾ പറയരുത്. അവിടെ നല്ല പ്രവർത്തനമാണ് നടക്കുന്നത്.

ശ്രീ. സി. കെ. പി. പത്മനാഭൻ : സർ, എം. വി. രാഘവനും കെ. കരുണാകരനും സ്ഥാപിച്ച ഈ സ്ഥാപനത്തിൽ, ഇത്തവണത്തെ മത്സരത്തിൽ അഞ്ച് സീറ്റിൽ നോമിനേഷൻ കൊടുക്കാൻ അവർക്ക് ആളെ കിട്ടാനില്ലായിരുന്നു എന്നുള്ള കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജി. സുധാകരൻ : സർ, എം. വി. രാഘവനും അന്തരിച്ച കെ. കരുണാകരനും അവിടെ മത്സരിച്ചിട്ടില്ല. നോമിനേഷന്റെ പൊളിറ്റിക്കലായിട്ടുള്ള കാര്യം ഞാൻ ഇവിടെ അവതരിപ്പിക്കാൻ ആഗ്രഹിക്കുന്നില്ല.

ശ്രീ. എം. ഉമ്മർ : സർ, പരിയാരം മെഡിക്കൽ കോളേജിന്റെ വലിപ്പത്തിലും അതിന്റെ സേവന മേന്മയിലും ഫീസിന്റെ കാര്യത്തിലും ഒന്നും എനിക്ക് തർക്കമില്ല. അവിടെ പരീക്ഷകൾ കൃത്യമായി നടത്തിക്കൊണ്ടുപോകാൻ കഴിയുന്നില്ല. പരീക്ഷകൾ നടപ്പിലായതിന്റെ സിലബസ് പൂർത്തിയാക്കാൻ കഴിയാത്തതുകൊണ്ട് യഥാർത്ഥത്തിൽ പരിയാരം മെഡിക്കൽ കോളേജിലും ഡെന്റൽ കോളേജിലും മൂന്നാം വർഷം പഠിക്കുന്ന കുട്ടികൾ നാലാം വർഷത്തിലേക്ക് പ്രൊമോട്ട് ചെയ്തിട്ട് മൂന്ന് മാസം കഴിഞ്ഞു. ഇപ്പോഴും അവിടെ പരീക്ഷ നടക്കുന്നില്ല. യഥാർത്ഥത്തിൽ കണ്ണൂർ യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള പ്രധാനപ്പെട്ട ഒരു കോളേജ് എന്ന നിലയ്ക്ക് ഈ കോളേജിന്റെ ക്ലാസ് തീരാത്തതുകൊണ്ട് കണ്ണൂർ യൂണിവേഴ്സിറ്റി പരീക്ഷകൾ നീട്ടിക്കൊണ്ടുപോയി കുട്ടികളുടെ കോഴ്സുകൾ ലാഗ് ചെയ്ത് പോകുകയാണ് എന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; അതിന് നടപടിയെടുക്കുമോ ?

ശ്രീ. ജി. സുധാകരൻ : സർ, ബഹുമാനപ്പെട്ട മെമ്പർ, ഇത് തിരിച്ചാണ് സംഭവിക്കുന്നത്. യൂണിവേഴ്സിറ്റി പരീക്ഷ നടത്താൻ കോളേജിന്റെ യാതൊരു കാര്യവുമില്ല. യൂണിവേഴ്സിറ്റിയുടെ ഭാഗത്തു നിന്നും കോഴ്സ് ലാഗ് ചെയ്യുന്നതു കൊണ്ട് ഇത് സംഭവിക്കുന്നതാണ്. പരീക്ഷയ്ക്ക് നമ്മൾ റെഡിയായിരുന്നാലും അവരാണ് ഡേറ്റ് ഫിക്സ് ചെയ്യുന്നത്. നമ്മൾ പറയുന്നതിന്റെ അടിസ്ഥാനത്തിൽ പരീക്ഷ നടത്തുന്നതല്ല. ഇക്കാര്യത്തിൽ യാതൊരു വീഴ്ചയും ഇല്ലെന്നാണ് മനസ്സിലാക്കുന്നത്. യൂണിവേഴ്സിറ്റി കറക്ടായി നടത്തണം.

മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തൽ നടപടി

3 (*273) ശ്രീ. അൽഫോൺസ് കണ്ണന്താനം :
ശ്രീ. വി. ശിവൻകുട്ടി :
ശ്രീ. എ. പ്രദീപ് കുമാർ :
ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ എത്ര മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ പ്രവർത്തിക്കുന്നു. പ്രസ്തുത സ്കൂളുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ബി) അടുത്ത അദ്ധ്യയന വർഷം പുതുതായി റസിഡൻഷ്യൽ സ്കൂളുകൾ ആരംഭിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ;

(സി) എത്ര സ്കൂളുകളിൽ സ്മാർട്ട് ക്ലാസ്റും ആരംഭിച്ചിട്ടുണ്ട് ;